LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സംസ്ഥാന നിക്ഷേപ സഹായധന പദ്ധതിയിൽ 45.24 ലക്ഷം രൂപ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് സ്വയംതൊഴിൽ പദ്ധതിയിൽ 2.67 ലക്ഷം രൂപ, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയിൽ 126.25 ലക്ഷം രൂപ, വനിത വ്യവസായ സ്കീം - 5.79 ലക്ഷം രൂപ, സംരംഭകത്വ സഹായ പദ്ധതിയിൽ 72.1 ലക്ഷം രൂപ എന്നിങ്ങനെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.

കൈത്തറി ഡയറക്ടറേറ്റിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) നിലവിൽ പദ്ധതികൾക്കായി അപേക്ഷകൾ ഇല്ല.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ അവസ്ഥ

212 (597) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ അവസ്ഥയെക്കുറിച്ചുള്ള പൊതുമേഖലാ പുനരുദ്ധാരണ ബോർഡിന്റെ വിലയിരുത്തലുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങൾ തകർച്ചയിലേയ്ക്ക് പോകുകയാണുണ്ടായതെന്ന റിയാബിന്റെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ തകർച്ച നേരിടാനുണ്ടായ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പൊതുമേഖലയെക്കുറിച്ച് അവലോകനം നടത്തുന്നതിന് ബാദ്ധ്യതപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും പൊതുമേഖലയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് വെളിപ്പെടുമ്പോഴും പൊതുമേഖല ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവത്തന പുരോഗതി മാസംതോറും അവലോകനം ചെയ്ത് പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് മന്ത്രിയുടെയും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും റിയാബിന്റെയും നേതൃത്വത്തിൽ വിശദമായ വിലയിരുത്തൽ നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

(ബി & സി) ഈ സർക്കാരിന്റെ കാലയളവിൽ റിയാബിന്റെ ഇത്തരത്തിലുള്ള റിപ്പോർട്ടുകളൊന്നും നിലവിലില്ല.

ഇന്ത്യയിൽ വ്യാവസായിക മേഖലയിലുണ്ടായ തളർച്ച നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തേയും ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കാഴ്ച വച്ചിട്ടുള്ളത്.

വ്യവസായ മേഖലയിലുണ്ടായിട്ടുള്ള മാന്ദ്യം, വിദേശരാജ്യങ്ങളിൽ നിന്നുള്ള അനാരോഗ്യകരമായ ഇറക്കുമതി, വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം എന്നിവമൂലം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്, വൈദ്യുതി ചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് അവയ്ക്കനുയോജ്യമായി ദീർഘ/ഹ്രസ്വകാല പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏകദേശം 849.50 കോടി രൂപ ഇത്തരത്തിൽ വിവിധ ഹ്രസ്വ/ ദീർഘകാല പദ്ധതികൾക്കായി സർക്കാർ ഇതിനകം തന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

ഇത്തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക്ക വിധത്തിലുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ഒറ്റപ്പാലത്തെ വ്യവസായ സംരംഭങ്ങൾ

213 (598) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലത്തിന്റെ വ്യവസായ മേഖല ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലത്ത് ഏതെല്ലാം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞു; വിശദാംശം ലഭ്യമാക്കാമോ;